©
**കേരള സർക്കാർ**
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 9** Vol. IX | **തിരുവനന്തപുരം, ബുധൻ** Thiruvananthapuram, Wednesday | **2020 ഡിസംബർ 16** 16th December 2020 **1196 ധനു 1** 1st Dhanu 1196 **1942 അഗ്രഹായനം 25** 25th Agrahayana 1942 | **നമ്പർ** No. | **2991** |

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

വിജ്ഞാപനം

നമ്പർ: 343/2020/സം.തി.ക തീയതി, തിരുവനന്തപുരം, 2020 ഡിസംബർ 16

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 2020 നവംബർ 12 -ാം തീയതിയിലെ 310/2020/സംതിക നമ്പർ വിജ്ഞാപനത്തിൽ ഉൾപ്പെട്ട, വയനാട് ജില്ലയിൽ എം.82 സുത്താൻബത്തേരി മുനിസിപ്പാലിറ്റിയിലെ 19 തൊടുവെട്ടി വാർഡിലെ 01. മാർ ബസേലിയസ് കോളേജ് ഓഫ് എഡ്യുക്കേഷൻ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പടിഞ്ഞാറ് ഭാഗം, സുൽത്താൻ ബത്തേരി എന്ന പോളിംഗ് സ്റ്റേഷനിലെയും മലപ്പുറം ജില്ലയിൽ എം 75 തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലെ 34 കിസാൻ കേന്ദ്രം വാർഡിലെ 01. ജി.എച്ച്. സ്കൂൾ തൃക്കുളം എന്ന പോളിംഗ് സ്റ്റേഷനിലെയും വോട്ടിംഗ് മെഷീനുകൾ വോട്ടെടുപ്പിന്റെ ഫലം തിട്ടപ്പെടുത്താൻ കഴിയാത്തവിധം തകരാറായതിനാൽ വോട്ടെണ്ണൽ പൂർത്തിയാക്കുവാൻ കഴിയാതെ തടസ്സപ്പെട്ടിട്ടുള്ളതായി ബന്ധപ്പെട്ട വരണാധികാരികൾ റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ, പ്രസ്തുത പോളിംഗ് സ്റ്റേഷനുകളിൽ യഥാക്രമം 2020 ഡിസംബർ 10 നും 14 നും നടന്ന വോട്ടെടുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 128 (2) (എ)-ാം വകുപ്പ് പ്രകാരം അസാധുവാണെന്ന് പ്രഖ്യാപിക്കുകയും പ്രസ്തുത പോളിംഗ് സ്റ്റേഷനുകളിലെ വോട്ടെടുപ്പ് 2020 ഡിസംബർ 18 (വെള്ളി) രാവിലെ 7.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ ആദ്യ വോട്ടെടുപ്പ് എന്നതുപോലെ നടത്തേണ്ടതാണെന്നും പ്രസ്തുത വാർഡുകളിലെ വോട്ടെണ്ണൽ 2020 ഡിസംബർ 18 -ാം തീയതി വൈകുന്നേരം 8.00 മണിക്ക് അതാത് മുനിസിപ്പാലിറ്റി ഓഫീസുകളിൽ വച്ച് നടത്തേണ്ടതാണെന്നും കമ്മീഷൻ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**വി.ഭാസ്കരൻ,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.12.16 08:15:16 +05:30